**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **14-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്കുള്ള പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് വിവിധ വകുപ്പുകളിൽ നിലവിലുള്ളതും പുതുതായി പ്രഖ്യാപിക്കുന്നതുമായ പദ്ധതികളെകുറിച്ച് അറിവുനൽകുന്നതിനും അവ നടപ്പിലാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളെയും കാലാകാലങ്ങളിൽ വരുന്ന ഭേദഗതിയെയും കുറിച്ച് മനസ്സിലാക്കുന്നതിനും അവബോധന പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; വിശദമാക്കാമോ; | (എ) | വിവിധ വകുപ്പുകളിൽ പുതുതായി പ്രഖ്യാപിക്കുന്ന പദ്ധതികളെക്കുറിച്ച് അറിവു നൽകുന്നതിന് അതാത് വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സംസ്ഥാന പരിശീലന നയത്തിൽ (STP) ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | പല പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ മറികടക്കാനും പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസവും സാമ്പത്തിക നഷ്ടവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ മാസം തോറും അതാത് മണ്ഡലം എം.എൽ.എ.മാർക്ക് സമർപ്പിക്കുവാൻ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ